# കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡ്, എറണാകുളം

F1 – 14551/17 തീയതി :10 /08/2017

## സർക്കുലർ നമ്പർ 19/2017-2018

**വിഷയം** : കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലെ റഗുലർ ജീവനക്കാർക്ക് ഓണം പ്രമാണിച്ച് 2017-ആഗസ്റ്റ് മാസത്തെ ശമ്പളം നേരത്തേ വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

**സൂചന** : 1) 17/10/1988 - ലെ 29/88 - 89 - നമ്പർ ബോർഡ് സർക്കുലർ.

2) 07/8/2017-ലെ സ.ഉ.(പി) 6256/2017 ധന നമ്പർ സർക്കാർ ഉത്തരവ്

**********

സൂചന (2) സർക്കാർ ഉത്തരവ്പ്രകാരം സർക്കാർ ജീവനക്കാർക്ക് ഓണം പ്രമാണിച്ച് 2017 ആഗസ്റ്റ് മാസത്തെ ശമ്പളം **25/08/2017** തീയതി മുതൽ വിതരണം ചെയ്യുവാൻ അനുമതി നൽകി സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ 1981-ലെ കേരള ചുമട്ടുതൊഴിലാളി നിയമത്തിലെ 15(3) സി പ്രകാരം ചീഫ് എക്സിക്യൂട്ടീവിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ യഥാവിധി വിനിയോഗിച്ചുകൊണ്ട് താഴെ പറയുന്ന അനുമതി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊള്ളുന്നു.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ജില്ലാ കമ്മിറ്റി/ ഉപകാര്യാലയങ്ങളിൽ ജോലിയിൽ തുടരുന്ന എല്ലാ റഗുലർ ജീവനക്കാർക്കും- ഫുൾ ടൈം, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, ഡെപ്യൂട്ടേഷൻ ജീവനക്കാർ ഉൾപ്പെടെ മേൽ സൂചന സർക്കാർ ഉത്തരവിനനുസൃതമായി 2017- ആഗസ്റ്റ് മാസത്തെ ശമ്പളം **25/08/2017** മുതൽ യഥാവിധി വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട എല്ലാ ശമ്പള വിതരണ ഉദ്യോഗസ്ഥർക്കും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

**ചീഫ് എക്സിക്യൂട്ടീവ് (ഇൻ ചാർജ്ജ്)**

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും/പോർട്ട് ട്രസ്റ്റ് ഏരിയാകമ്മിറ്റി ചെയർമാനും (ജില്ലാ കമ്മിറ്റി ചെയർമാൻ കമ്മിറ്റിയ്ക്കു കീഴിലുള്ള എല്ലാ ഉപകാര്യാലയങ്ങൾക്കും ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾക്കായി അടിയന്തിര നിർദ്ദേശം നൽകേണ്ടതും. സർക്കുലറിന്റെ പകർപ്പ് വീഴ്ചകൂടാതെ അറിവിലേയ്ക്കായി യഥാസമയം ഉപകാര്യാലയങ്ങൾക്ക് സർക്കുലേറ്റ് ചെയ്യേണ്ടതുമാണ്)

**പകർപ്പ്** : ഫിനാൻസ് ഓഫീസർ,

അക്കൗണ്ട്സ് ഓഫീസർ (W & E) (P & A)(I A)(S L)

എല്ലാ ജൂനിയർ സൂപ്രണ്ട്മാർക്കും

ബില്ല്/സ്റ്റോക്ക്ഫയൽ/സ്പെയർ

//ഉത്തരവിൻപ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്